# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.11.2023** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ-ഓസ്ട്രേലിയ ടു പ്ലസ് ടു സംഭാഷണം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. ഇരു രാജ്യങ്ങളിലെയും പ്രതിരോധ, വിദേശകാര്യമന്ത്രിമാർ ചർച്ചകൾക്ക് നേതൃത്വം നൽകും.

   India–Australia 2 plus 2 Dialogue will be held today in New Delhi. Defence and Externa Affairs ministers of both the countries will hold the meeting.

2. രാജസ്ഥാനിലും തെലങ്കാനയിലും തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിൽ തെരഞ്ഞെടുപ്പ് യോഗങ്ങളെ അഭിസംബോധന ചെയ്തു.

   Political parties intensify election campaign in Rajasthan and Telangana. Prime Minister Narendra Modi addressed public meetings in Rajasthan.

3. 54-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ഗോവയിൽ വർണാഭമായ തുടക്കം. കേന്ദ്രമന്ത്രി അനുരാഗ് സിംഗ് താക്കൂർ, മേള ഉദ്ഘാടനം ചെയ്തു.

54th International Film Festival of India kickstarted in Goa. Information and Broadcasting Minister Anurag Singh Thakur inaugurated the festival.

4. സംസ്ഥാന സർക്കാരിൻറെ നവകേരള സദസ്സ് കണ്ണൂർ ജില്ലയിലെ നാല് മണ്ഡലങ്ങളിൽ ഇന്ന് നടന്നു. കേന്ദ്ര പദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്ന വികസിത് ഭാരത് സങ്കല്പ് യാത്ര പാലക്കാട് വിജയകരമായി പര്യടനം തുടരുന്നു.

The state government's Nava Kerala Sadass held today in four constituencies of Kannur district. Centre's Vikasit Bharat Sankalp Yatra continues its successful journey in Palakkad, bringing central projects to the people.

5. ദേശീയ ഫാർമസി കമ്മീഷൻ ബില്ലിൽ പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

Union Health Ministry has invited comments from general public and stakeholders on the proposed National Pharmacy Commission Bill 2023.

&&&&&&&&&&&&&&

## Headline 1

## REV RAJNATH - RICHARD MARLES

ഇന്ത്യ-ഓസ്‌ട്രേലിയ ടു പ്ലസ് ടു സംഭാഷണം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്, വിദേശകാര്യമന്ത്രി എസ് ജയശങ്കർ, ഓസ്‌ട്രേലിയൻ പ്രതിരോധ മന്ത്രി റിച്ചാർഡ് മാർലസ്, വിദേശകാര്യമന്ത്രി പെന്നി വോങ്ങ് എന്നീ നേതാക്കളാണ്

ചർച്ചയ്ക്ക് നേതൃത്വം നൽകുന്നത്. നയതന്ത്ര, പ്രതിരോധ, സുരക്ഷാ മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ
ടു പ്ലസ് ടുവിൽ ചർച്ചയാവും. ഇന്ത്യ- ഓസ്ട്രേലിയ സമഗ്ര നയതന്ത്ര പങ്കാളിത്തത്തിലൂന്നിയുള്ള സഹകരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും നേതാക്കൾ ചർച്ച ചെയ്യും. ടു പ്ലസ് ടു വിൻറെ പശ്ചാത്തലത്തിൽ ഓസ്ട്രേലിയൻ പ്രതിരോധ മന്ത്രിയുമായി ശ്രീ രാജ്നാഥ്സിങ്ങും, ശ്രീ. എസ് ജയശങ്കറും കൂടിക്കാഴ്ച നടത്തി. ഇന്തോ-പെസഫിക് മേഖലയിലെ നയതന്ത്ര സാഹചര്യം, പശ്ചിമേഷ്യൻ സംഭവവികാസങ്ങൾ എന്നിവ നേതാക്കൾ ചർച്ച ചെയ്തു.

&&&&&&&&&&&&&&&

## Headline 2

## ELECTION RAJASTHAN (INTRO)

രാജസ്ഥാനിലും തെലങ്കാനയിലും നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. രാജസ്ഥാനിൽ ഈ മാസം 25 നും, തെലങ്കാനയിൽ 30 നുമാണ് വോട്ടെടുപ്പ്.

**വിശദാംശങ്ങളിലേക്ക്**

**(വോയ്സ്)**

പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിലെ പാലിയിലും, ഹനുമാൻഗഢിലും ഇന്ന് ബിജെപി പ്രചാരണ യോഗങ്ങളെ അഭിസംബോധന ചെയ്തു. കോൺഗ്രസ് നേതൃത്വം നൽകുന്ന സംസ്ഥാന സർക്കാരിനെ അതിരൂക്ഷമായി വിമർശിച്ച ശ്രീ. മോദി രാജസ്ഥാനിൽ വനിതകൾക്കെതിരായ കുറ്റകൃത്യങ്ങൾ കഴിഞ്ഞ 5 വർഷത്തിനിടെ വർദ്ധിച്ചതായും ആരോപണമുയർത്തി. ബിക്കാനിറിൽ നടന്ന പ്രചാരണ റോഡ് ഷോയിലും അദ്ദേഹം പങ്കെടുത്തു. കോൺഗ്രസ് ദേശിയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗേ ശ്രീഗംഗാനഗറിൽ പ്രചാരണ യോഗത്തെ അഭിസംബോധന ചെയ്തു. കേന്ദ്ര സർക്കാരിനെതിരെ വിമർശനമുയർത്തിയ ശ്രീ ഖർഗേ ഗെലോട്ട് സർക്കാർ രാജസ്ഥാനെ സമസ്ത മേഖലകളിലും

മുന്നിലെത്തിച്ചതായി ചൂണ്ടിക്കാട്ടി. കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി കെക്രിയിലും ജഹാസ്പൂരിലും ഇന്ന് പ്രചാരണം നടത്തി. വോട്ടെടുപ്പിന് 10 ദിവസം മാത്രം ബാക്കിനിൽക്കേ തെലങ്കാനയിലും പ്രചാരണ പ്രവർത്തനങ്ങൾ ആവേശകരമായി പുരോഗമിക്കുകയാണ്. ഭരണകക്ഷിയായ ബിആർഎസിനെതിരെ തെലങ്കാനയിൽ നിശബ്ദ വിപ്ലവം നടക്കുന്നതായി ബിജെപി സംസ്ഥാന പ്രസിഡൻറ് കിഷൻ റെഡ്ഡി ഹൈദരാബാദിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. എന്നാൽ സംസ്ഥാനത്ത് ഭരണവിരുദ്ധവികാരം നിലനിൽക്കുന്നില്ലെന്ന് മുതിർന്ന ബിആർഎസ് നേതാവ് ഹരീഷ് റാവു ചൂണ്ടിക്കാട്ടി. ബിജെപി നേതാക്കളും കേന്ദ്രമന്ത്രിമാരുമായ അമിത് ഷാ, നിതിൻ ഗഡ്കരി, ബിആർഎസ് അധ്യക്ഷനും തെലങ്കാന മുഖ്യമന്ത്രിയുമായ കെ.ചന്ദ്രശേഖർ റാവു, കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രേവന്ത് റെഡ്ഡി തുടങ്ങിയ മുൻനിര നേതാക്കളും ഇന്ന് സംസ്ഥാനത്ത് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.
ന്യൂസ് ഡസ്ക്, ആകാശവാണി

&&&&&&&&&&&&&&&

## DAY PRESIDENT ODISHA

സന്താളി ഭാഷയിൽ പുതിയ തലമുറയ്ക്ക് താൽപ്പര്യം സൃഷ്ടിക്കുന്നതിനായി പുസ്തകങ്ങൾ രചിക്കാൻ സന്താളി എഴുത്തുകാരോട് ആഹ്വാനം ചെയ്ത് രാഷ്ട്രപതി ദ്രൗപതി മുർമു. ഒഡീഷയിലെ ബാരിപദയിൽ സന്താളി എഴുത്തുകാരുടെ സമ്മേളനവും സാഹിത്യോത്സവവും ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. സന്താളി സംസാരിക്കുന്നവർ ഭാഷയെ ജനകീയമാക്കാൻ ശ്രമിക്കണമെന്നും ശ്രീമതി മുർമു ആഹ്വാനം ചെയ്തു. ഒഡിഷ, പശ്ചിമബംഗാൾ, ഛത്തീസ്ഗഢ്, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും നേപ്പാൾ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലുമായി എഴുപത് ലക്ഷത്തോളം പേരാണ് സന്താളി ഭാഷ സംസാരിക്കുന്നത്. ഇന്ത്യയിലെ

ഔദ്യോഗിക ഭാഷകളുടെ പട്ടികയിലും സന്താളി ഉൾപ്പെടുന്നു.
മൂന്ന് ദിവസത്തെ സന്ദർശനത്തിനായി
ഒഡീഷയിലെത്തിയ രാഷ്ട്രപതി മയൂർഭഞ്ച്, സംബൽപൂർ ജില്ലകളിൽ നടന്ന വിവിധ പരിപാടികളിലും പങ്കെടുത്തു. കുലിയാന ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ ശ്രീമതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്തു. സാമ്പത്തികവും സാമൂഹികവുമായ ക്ഷേമത്തിന്റെ താക്കോൽ വിദ്യാഭ്യാസമാണെന്ന് രാഷ്ട്രപതി ചടങ്ങിൽ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&

## REV UTTARAKHAND RESCUE OPERATION

ഉത്തരകാശി സിൽക്യാര തുരങ്കത്തിൽ കുടുങ്ങിയ
41 തൊഴിലാളികളെ പുറത്തെത്തിക്കുന്നതിനുള്ള
രക്ഷാപ്രവർത്തനങ്ങൾ വിലയിരുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയെ
ഫോണിൽ വിളിച്ചാണ് ശ്രീ നരേന്ദ്രമോദി വിവരങ്ങൾ ആരാഞ്ഞത്. തൊഴിലാളികളെ സുരക്ഷിതമായി ഒഴിപ്പിക്കാൻ ആവശ്യമായ രക്ഷാ ഉപകരണങ്ങളും സഹായവും കേന്ദ്രം നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര-സംസ്ഥാന ഏജൻസികൾ തമ്മിലുള്ള പരസ്പര ഏകോപനത്തോടെ തൊഴിലാളികളെ സുരക്ഷിതമായി പുറത്തെത്തിക്കാനാകുമെന്ന ആത്മവിശ്വാസവും അദ്ദേഹം പങ്കുവച്ചു. ദുരിതാശ്വാസ-രക്ഷാപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ ധരിപ്പിച്ചു.

&&&&&&&&&&&&&&&

## Headline 3

## IFFI

54-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ഗോവയിൽ വർണാഭമായ തുടക്കം. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് സിംഗ് താക്കൂർ, മേള ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. സാമാധാനത്തിനും, പുരോഗതിയ്ക്കുമുള്ള ചാലകശക്തിയായി വർത്തിക്കാൻ ചലച്ചിത്രങ്ങൾക്ക് സാധിക്കുമെന്ന് ശ്രീ അനുരാഗ് ഠാക്കൂർ ചടങ്ങിൽ പറഞ്ഞു. ചലച്ചിത്രങ്ങൾ വിനോദോപാധി മാത്രമല്ലെന്നും, ജീവിതത്തിൻറെ സമസ്തമേഖലകളെയും അവ സ്വാധീനിക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി. ശ്യാമ പ്രസാദ് മുഖർജി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ, പ്രശസ്ത താരങ്ങളായ മാധുരി ദീക്ഷിത്, ഷാഹിദ് കപൂർ, സംവിധായകൻ കരൺ ജോഹർ തുടങ്ങി ഒട്ടേറെ പ്രമുഖർ പങ്കെടുത്തു. ബ്രിട്ടീഷ് ചലച്ചിത്രം ക്യാച്ചിംഗ് ഡെസ്റ്റ് ആണ് മേളയുടെ ഉദ്ഘാടന ചിത്രം. 9 ദിവസം നീണ്ടു നിൽക്കുന്ന മേളയിൽ 270 ചലച്ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. 15 ചിത്രങ്ങളാണ് സുവർണ്ണ മയൂരത്തിനായി മേളയിൽ ഇത്തവണ മത്സരിക്കുന്നത്. മേളയോടനുബന്ധിച്ചുള്ള ഫിലിം ബസാർ 17-ാം പതിപ്പിനും ശ്രീ. അനുരാഗ് താക്കൂർ ഇന്ന് തുടക്കം കുറിച്ചു.

&&&&&&&&&&&&&&&

## Headline 4

## NEW KERALA AUDIENCE

കണ്ണൂർ ജില്ലയിലെ നാല് കേന്ദ്രങ്ങളിൽ ഇന്ന് നവകേരള സദസ്സ് നടന്നു. രാവിലെ പയ്യന്നൂർ മണ്ഡലത്തിൽ ആരംഭിച്ച് കല്ല്യേശ്ശേരി, തളിപറമ്പ്, ഇരിക്കൂർ എന്നീ മണ്ഡലങ്ങളിലാണ് ഇന്ന് നവകേരള സദസ്സ് നടന്നത്.

ഇന്ന് രാവിലെ പയ്യന്നൂരിൽ വെച്ച് മുഖ്യമന്ത്രിയും മന്ത്രിമാരും വിവിധ മേഖലകളിൽ പ്രഗൽഭരായവരുമായി കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തിന്റെ വികസനത്തിനായി കൂടുതൽ വേഗതയോടെ സർക്കാർ പ്രവർത്തിക്കുമെന്ന് തുടർന്ന് നടന്ന പരിപാടിയിൽ മുഖ്യമന്ത്രി പറഞ്ഞു. ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങളാണ് സംസ്ഥാനത്തുണ്ടായതെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## TRIAL AUDIENCE

സംസ്ഥാന സർക്കാരിന്റെ പരാജയവും, കെടുകാര്യസ്ഥതയും ജനങ്ങളിലേക്കെത്തിക്കാൻ യു ഡി എഫ്, വിചാരണ സദസ്സ് സംഘടിപ്പിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും അടുത്ത മാസം രണ്ടു മുതൽ 22 വരെയാണ് പരിപാടി. നവകേരള സദസിലൂടെ ജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കുന്നുണ്ടെങ്കിലും പരിഹാരം കണ്ടതായി പറയുന്നില്ലെന്ന് പ്രതിപക്ഷനേതാവ് ആരോപിച്ചു. തൊഴിലുറപ്പുകാരെ കൂട്ടിയാണ് നവകേരള സദസ്സിൽ പങ്കാളിത്തം കാണിക്കുന്നതെന്ന് ബി ജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ ആരോപിച്ചു. ഇത്ര പരാതികൾ ലഭിച്ചെങ്കിൽ കഴിഞ്ഞ 7 വർഷകാലം സർക്കാർ എന്ത് ചെയ്യുകയായിരുന്നു എന്ന് വ്യക്തമാക്കണമെന്നും

അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

&&&&&&&&&&&&&&&

## VIKASIT BHARAT SANKALP YATHRA

കേന്ദ്രപദ്ധതികൾ ജനങ്ങളിലേക്കെത്തിക്കുന്ന വികസിത് ഭാരത് സങ്കൽപ് യാത്രയുടെ പാലക്കാട് ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിലെ പ്രചാരണപരിപാടികൾ നാല് ദിവസം പൂർത്തിയാക്കി. ഇന്ന് അകത്തേത്തറ പഞ്ചായത്തിലും, അമ്പലപ്പാറ പഞ്ചായത്തിലും മേള പര്യടനം നടത്തി. അകത്തേത്തറ പഞ്ചായത്തിൽ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വിജയലക്ഷ്മി യാത്ര ഉദ്ഘാടനം ചെയ്തു. സുബേദാർ മേജർ ഉണ്ണികൃഷ്ണൻ നായർ ജനങ്ങൾക്ക് വികസിത് ഭാരത് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കേന്ദ്ര പദ്ധതി ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. യാത്രയുടെ ഭാഗമായുള്ള I E C വാനിൽ വിവിധ കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള വീഡിയോകൾ പ്രദർശിപ്പിച്ചു. നാളെ യാത്ര ജില്ലയിലെ കപ്പൂർ, കൊപ്പം പഞ്ചായത്തുകളിൽ പര്യടനം നടത്തും.

&&&&&&&&&&&&&&&

## K N BALAGOPAL

സംസ്ഥാനത്തെ നാലിനം ക്ഷേമ പെൻഷനുകൾ 1600 രൂപയാക്കി ഉയർത്താൻ തീരുമാനിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. വിശ്വകർമ്മ, സർക്കസ്, അവശ കായികതാര, അവശ കലാകാര പെൻഷൻ തുകകളാണ് ഉയർത്തിയത്. അവശ കലാകാര പെൻഷൻ നിലവിൽ 1000 രൂപയാണ്. അവശ കായികതാരങ്ങൾക്ക് 1300 രൂപയും, സർക്കസ് കലാകാർക്ക് 1200 രുപയും, വിശ്വകർമ്മ പെൻഷൻ 1400 രൂപയുമാണ് ലഭിച്ചിരുന്നത്.

&&&&&&&&&&&&&&&

## Headline 5
## HEALTH- PHARMA BILL COMMENTS

ദേശീയ ഫാർമസി കമ്മീഷൻ ബില്ലിൽ പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

1948 ലെ ഫാർമസി ആക്റ്റ് റദ്ദാക്കി പുതിയ ബിൽ കൊണ്ടുവരുന്നതിനാണ് കേന്ദ്രം നടപടികൾ സ്വീകരിക്കുന്നത്. ബില്ലിന്റെ കരട് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങൾക്കായി ആരോഗ്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അടുത്ത മാസം 14 വരെ അറിയിക്കാം.

&&&&&&&&&&&&&&&

## ECI-SSR 2024

അടുത്ത മാസം 9 വരെ തുടരുന്ന സ്പെഷ്യൽ സമ്മറി റിവിഷനിലൂടെ, യോഗ്യതയുള്ള എല്ലാ പൗരന്മാരോടും വോട്ടർ പട്ടികയിൽ പേര് ചേർക്കാനും, ആവശ്യമായ തിരുത്തലുകൾ വരുത്താനും ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ അഭ്യർത്ഥിച്ചു. എസ്എസ്ആറിലൂടെ പൗരന്മാർക്ക് മേൽവിലാസത്തിലെ മാറ്റം ഉൾപ്പെടെ, വോട്ടർ ഐഡിയിൽ വിശദാംശങ്ങൾ ചേർക്കാനും, തിരുത്തലുകൾ വരുത്താനും സാധിക്കും.

&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&